**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 250 | 07.08.2017 ൽ മറുപടിക്ക്

അരൂക്കുറ്റി ,തുറവൂർ ആശുപത്രികളുടെ വികസനം

| ചോദ്യം<br>ശ്രീ.എ.എം. ആരിഫ് : | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഒരു ബ്ലോക്കിന്റെ പരിധിയിൽ ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന ആശുപത്രിയെന്ന നിലയിൽ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെൻററെങ്കിലും പ്രവർത്തിക്കുന്നതിനുള്ള എന്തെങ്കിലും നടപടി ആലോചിക്കുന്നുണ്ടോ ; | (എ) & (ബി) | ആശുപത്രിയിലെ ചികിത്സാസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സ്റ്റാൻഡേർഡൈസേഷന്റെ ഭാഗമായി ബ്ളോക്ക് തല സാമൂഹികാരോഗ്യ കേന്ദ്രം വിഭാഗത്തിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലിന്റെ കരട് ലിസ്റ്റിൽ അരൂക്കുറ്റി സാമൂഹികാരോഗ്യ കേന്ദ്രം ഉൾപ്പെട്ടിട്ടുണ്ട്. ടി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 5 ഡോക്ടർ ഉൾപ്പെടെ 20 അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരികയാണ്. |
| (ബി) | അപ്രകാരം അരൂർ മണ്ഡലത്തിലെ അരൂക്കുറ്റി കമ്മ്യൂണിറ്റി ഹെൽത്ത് സെൻറ്റർ ആശുപത്രിയിൽ സ്റ്റാഫ് സ്റ്റ്രങ്ത് വർദ്ധിപ്പിച്ച് ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന ആശുപത്രിയായി ഉയർത്തുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ; | | |
| (സി) | തുറവൂർ താലൂക്ക് ആശുപത്രിയിൽ ഭരണാനുമതി ലഭിച്ചതും ഇപ്പോൾ നിർമ്മാണപ്രവർത്തനങ്ങൾ നടന്നു വരുന്നതും ആകെ എത്ര കോടി രൂപയുടെ പ്രവൃത്തികളാണ് എന്നറിയിക്കാമോ | (സി) | തുറവൂർ താലൂക്ക് ആശുപത്രിയിൽ ഒ.പി ബ്ളോക്കിന്റെ ഒന്നാം നിലയിൽ എൽ.ആർ.എസ്.എം ഫണ്ടിൽ നിന്നും 2..95 കോടി രൂപയും രണ്ടാം നിലയിൽ 1.60 കോടി രൂപയും ബഹു. എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും ഉൾപ്പെടെ 4.55 കോടി രൂപയ്ക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത നിർമ്മാണ പ്രവൃത്തി ടി ആശുപത്രിയിൽ പുരോഗമിച്ചുവരുന്നു. |

| | | | |
|---|---|---|---|
| ഡി) | ഇത്രത്തോളം അടിസ്ഥാന സൗകര്യ വികസനം നടക്കുന്ന ഈ ആശുപത്രിയിൽ രോഗികൾക്ക് പ്രയോജനകരമാകത്തക്ക നിലയിൽ സ്റ്റാഫ് സ്ട്രെങ്ത് വർദ്ധിപ്പിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | തുറവൂർ താലൂക്ക് ആശുപത്രിയിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനാവശ്യമായ പ്രൊപ്പോസൽ നിശ്ചിത പ്രൊഫോർമയിൽ ലഭ്യമാക്കുവാൻ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയതായി ആരോഗ്യവകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ